പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 209 **27-10-2026-ൽ മറുപടിയ്ക്ക്**

ഇ.എസ്.എസ്. പദ്ധതി പ്രകാരമുള്ള സബ്സിഡി കുടിശ്ശിക

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

ശ്രീ. ടി. കെ. ഗോവിന്ദൻ മാസ്റ്റർ ശ്രീ. പി. കെ. കൃഞ്ഞാലിക്കുട്ടി
(വ്യവസായ - വിവരസാങ്കേതികവിദ്യ വകുപ്പ്
മന്ത്രി)

(എ) സംസ്ഥാനത്ത് എന്റർപ്രണർഷിപ്പ് സപ്പോർട്ട് സ്കീം (ഇ.എസ്.എസ്.) പ്രകാരം സംരംഭകർക്ക് ലഭിക്കാനുള്ള സബ്സിഡി തുക ജില്ലാ വ്യവസായ കേന്ദ്രങ്ങൾ അംഗീകരിച്ചിട്ടും കുടിശ്ശികയായിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ നിലവിൽ എത്ര തുക കുടിശ്ശികയുണ്ട്; എത്ര സംരംഭകരെയാണ് ഇത് ബാധിച്ചിട്ടുള്ളത്;

മറുപടി: ഉണ്ട്. 2023-24 സാമ്പത്തിക വർഷം മുതൽ 14 ജില്ലകളിലുമായി 1257 സംരംഭങ്ങൾക്കായി 99,28,64,044/- രൂപയും, കേരള ഫിനാൻഷ്യൽ കോർപ്പറേഷന് 39,72,97,131/- രൂപയും, KSIDC-യ്ക്ക് 30,61,296/- രൂപയും ഉൾപ്പെടെ ആകെ ₹139,32,22,471 എന്റർപ്രണർഷിപ്പ് സപ്പോർട്ട് സ്കീം (ഇ.എസ്.എസ്.) മുഖേനയുള്ള സബ്സിഡി കുടിശ്ശികയായി നൽകാനുണ്ട്. ഈ സാമ്പത്തിക വർഷം ബജറ്റിൽ വകയിരുത്തിയ ₹80 കോടി രൂപയിൽ ₹19,28,37,767/- സബ്സിഡി ഇനത്തിൽ അനുവദിച്ചിട്ടുണ്ട്. ഈ തുക 14 ജില്ലകൾക്കുമായി ഇതിനോടകം വിതരണം ചെയ്തിട്ടുണ്ട്.

(ബി) ഇ.എസ്.എസ്. സബ്സിഡി അടിയന്തരമായി അനുവദിക്കണമെന്നാവശ്യപ്പെട്ട് കേരള സ്റ്റേറ്റ് സ്മോൾ ഇൻഡസ്ട്രീസ് അസോസിയേഷൻ (കെ.എസ്.എസ്.ഐ.എ.) സർക്കാരിലേക്ക് മുൻകാലങ്ങളിൽ നിവേദനം നൽകിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത നിവേദനത്തിന്മേൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

മറുപടി: ഉണ്ട്. 2026-27 സാമ്പത്തിക വർഷത്തിൽ ഈ പദ്ധതിക്കായി 80കോടി രൂപ ബജറ്റിൽ വകയിരുത്തിയിട്ടുണ്ടെങ്കിലും, നിലവിലുള്ള കുടിശ്ശികയും നടപ്പ് വർഷത്തിലെ അർഹമായ അപേക്ഷകൾക്കും സബ്സിഡി വിതരണം ചെയ്യേണ്ട ബാധ്യതയും കണക്കിലെടുക്കുമ്പോൾ പ്രസ്തുത തുക അപര്യാപ്തമാണ്. സംരംഭകർക്ക് മുൻ വർഷങ്ങളിൽ നൽകാനുള്ള കുടിശ്ശിക തീർപ്പാക്കുന്നതിനും, കോടതിവിധികൾ മൂലമുണ്ടാകുന്ന അധിക ബാധ്യതകളും പദ്ധതിയുടെ വിശ്വാസ്യതയും ഫലപ്രാപ്തിയും നിലനിർത്തുന്നതിനുമായി നിലവിൽ വകയിരുത്തിയ 80 കോടി രൂപക്ക് പുറമേ, അധിക ധനാനുമതിയിലൂടെ ₹120 കോടി രൂപ അനുവദിക്കുന്നതിനുള്ള നിർദേശം സർക്കാർ പരിശോധിച്ചു വരുന്നു.

(സി) ഇ.എസ്.എസ്. സബ്സിഡി കുടിശ്ശിക പൂർണ്ണമായും കൊടുത്തു തീർക്കുന്നതിന് അധിക ഫണ്ട് അനുവദിക്കുമോ; എങ്കിൽ എന്ന് വിതരണം ചെയ്ത് പൂർത്തിയാക്കാൻ സാധിക്കും;

മറുപടി: മുൻ ഖണ്ഡികയിലെ ഉത്തരം

(ഡി) ഭാവിയിൽ ഇ.എസ്.എസ്. സബ്സിഡി അനുവദിക്കുന്നതിൽ അനാവശ്യമായ കാലതാമസം ഒഴിവാക്കാൻ സമയബന്ധിതമായ വിതരണ സംവിധാനം ഏർപ്പെടുത്തുമോ?

മറുപടി: മുൻ വർഷങ്ങളിലെ ഇ.എസ്.എസ് കുടിശ്ശിക തീർപ്പാക്കുന്നതിനുള്ള ഫണ്ട് ലഭ്യത കുറവ് മൂലമാണ് സമയബന്ധിതമായി ഇ.എസ്.എസ് കുടിശ്ശിക വിതരണം ചെയ്യുവാൻ സാധിക്കാതിരുന്നത്. ടി കുടിശ്ശിക കൊടുത്തു തീരുന്ന മുറയ്ക്ക്, ഫണ്ട് ലഭ്യതയ്ക്ക് അനുസൃതമായി, ഇ.എസ്.എസ് സബ്സിഡി സമയബന്ധിതമായി വിതരണം ചെയ്യുന്നതാണ്.

സെക്ഷൻ ഓഫീസർ